## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 5015 — 27.06. 2019- ൽ മറുപടിക്ക്

## റീ ബിൽഡ് കേരള ഇനീഷിയേറ്റീവിന്റെ ഓഫീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ് | ...പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) റീ ബിൽഡ് കേരള ഇനീഷിയേറ്റീവിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കായി എന്ത് തുക ചെലവഴിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ് നടപ്പിലാക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ഭരണപരമായ ചെലവുകൾക്കായി നടപ്പ സാമ്പത്തിക വർഷത്തിലേക്ക് മൊത്തം 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതികളുടെ ആസൂത്രണം, പദ്ധതി രേഖ തയ്യാറാക്കൽ, പദ്ധതികളുടെ ഏകോപനം, മേൽനോട്ടം, മൂല്യനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട കൺസൽട്ടന്റുമാരുടെ പ്രതിഫലം, ഓഫീസ് സംവിധാനങ്ങൾ, രേഖകൾ തയാറാക്കൽ, വിവിധ തലങ്ങളിലുള്ള യോഗങ്ങളും സെമിനാറുകളും സംഘടിപ്പിക്കൽ തുടങ്ങിയ ചെലവുകൾക്കായാണ് തുക അനുവദിച്ചിട്ടുള്ളത്. |
| (ബി) ആർ.കെ.ഐ. ഓഫീസിനായി വാടകയ്ക്ക് കെട്ടിടം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെ ഉടമസ്ഥതയിലുള്ള കെട്ടിടമാണ് എടുത്തതെന്നും അതിന്റെ പ്രതിമാസ വാടക എത്രയാണ് എന്നും വ്യക്തമാക്കാമോ; | റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്കിൽ വളരെ പരിമിതമായ സൗകര്യത്തിലാണ്.<br>റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിനു വേണ്ട സാങ്കേതിക - പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി സെക്രട്ടേറിയറ്റിനു |

| | |
|---|---|
| | തൊട്ടടുത്തുതന്നെയുള്ള Calsar Heather Tower എന്ന കെട്ടിടത്തിന്റെ ഒന്നാം നിലയിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇതിനായി കെട്ടിട ഉടമയുമായി വാടക കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br>ശ്രീ.കെ.വി. മാത്യു, മിത്രം ലെയ്ൻ, പരുത്തിപ്പാറ, മുട്ടട എന്നയാളിന്റെ ഉടമസ്ഥതയിലുള്ള സ്ഥലമാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത്. ഒരു ചതുരശ്ര അടിക്ക് 50 രൂപ എന്ന നിരക്കിലാണ് (ആകെ 2973 ചതുരശ്ര അടി) പ്രതിമാസവാടക നിശ്ചയിച്ചിട്ടുള്ളത്. |
| (സി) പ്രസ്തുത വാടകക്കെട്ടിടത്തിൽ ആർ.കെ.ഐ.യുടെ ഓഫീസ് പ്രവർത്തനത്തിന് വേണ്ടി സൗകര്യം ഒരുക്കുവാൻ എത്ര തുകയുടെ അനുമതിയാണ് നൽകിയത്; | (സി) പ്രവൃത്തിയുടെ സാങ്കേതിക അനുമതി പ്രകാരം, ഓഫീസ് സജ്ജീകരിക്കുന്നതിന്റെ അടങ്കൽ തുക 53 ലക്ഷം രൂപ (ജി.എസ്.ടി., സെന്റേജ് ചാർജ്ജുകൾ ഒഴികെ) മാത്രമാണ്. |
| (ഡി) ടെൻഡർ നൽകിയാണോ പ്രസ്തുത ഓഫീസ് സൗകര്യം ഒരുക്കുന്നത്; അല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (ഡി) ഓഫീസ് സൗകര്യം ഒരുക്കുന്നതിനായി സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ കെ.എസ്.ഇ.ബി. ലിമിറ്റഡിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റായി നിയമിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. ടെൻഡർ നടപടിക്രമം പാലിച്ചുകൊണ്ട് പ്രവൃത്തി ചെയ്യിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**